WS 2 MM 102

# തിരുവനന്തപുരം വിദ്യാഭ്യാസ ജില്ല

## ക്ലാസ് 10 മലയാളം( കേരളപാഠാവലി)

)

### ഒറ്റവാക്യത്തിൽ ഉത്തരം എഴുതുക

1 . തെറി കാട്ടിയാശ്രമവിരുദ്ധവൃത്തി നീ

ചെറു പാമ്പു ചന്ദന മരത്തിനെന്ന പോൽ

ഇവിടെ 'ചെറുപാമ്പ്' എന്ന് സൂചിപ്പിക്കുന്നതാരെയാണ് ?

2 . 'എന്ത് ? ഇവന്റെ കൈയിൽ ചക്രവർത്തി ലക്ഷണവും കാണുന്നുണ്ടല്ലോ ?' വരികളിൽ

തെളിയുന്ന ഭാവമെന്ത് ?

3 . വല്ലാതെന്നുള്ള മന്നാളൊരു മലിനതയേ -

റ്റേറെ മന്ദിച്ചിരുന്നു . ദുഷ്ഷന്തൻ സൂചിപ്പിക്കുന്ന 'മലിനത ' എന്താണ് ?

4 . 'മലയാള ശാകുന്തളം ' ആരുടെ വിവർത്തനമാണ് ?

### രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക

5 . 'ശകുന്തലാസ്യം നോക്കൂ ' എന്ന് സുവ്രത പറഞ്ഞ അർത്ഥവും സർവദമനൻ മനസിലാക്കിയ അർത്ഥവും

എന്താണ് ?

6 . ഭാഷാപരമായ രണ്ടു സവിശേഷതകൾ കണ്ടെത്തുക .

'മോഹമകന്നു തെളിഞ്ഞേൻ ,

മോഹന തനു വന്നു നീയുമെന്നരികിൽ '

### അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക

7 . ' എനിക്കതിനെ വിശ്വാസമില്ല. ഇത് ആര്യപുത്രൻ തന്നെ ധരിച്ചാൽ മതി.' മോതിരത്തെക്കുറിച്ചുള്ള

ശകുന്തളയുടെ ഈ പ്രസ്താവനയോടുള്ള പ്രതികരണക്കുറിപ്പ് തയ്യാറാക്കുക .

8 . 'കളിക്കോപ്പേൽക്കാനായ് കുതുകമൊടു നീട്ടീടിന കരം

വിളക്കിച്ചേർത്തോണം വിരൽനിര ഞെരുങ്ങിത്തൊടുകയാൽ

വിളങ്ങുന്നൂ രാഗം ഭൃശമെഴുമുഷസ്സിൽദ്ദലകുലം

തെളിഞ്ഞീടാതൊന്നായ് വിടരുമൊരു തണ്ടാർമലരുപോൽ'.

സർവദമനന്റെ സൗന്ദര്യം വ്യക്തമാക്കാൻ ഈ വരികൾക്കാവുന്നുണ്ടോ ? വിശദീകരണക്കുറിപ്പ് തയ്യാറാക്കുക .

9 . 'ഋതുയോഗം ' ശീർഷകത്തിന്റെ ഔചിത്യം വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക .

സൂചനകൾ

- വള്ളി വസന്താഗമത്തിൽ പൂവണിയുന്നു
- . ഋതുക്കളുടെ യോഗം
- മോതിരം ധരിക്കൽ
- ശകുന്തളാ ദുഷ്ഷന്തന്മാരുടെ യോഗം
- സ്വാഭിപ്രായം

10 . ' ബാല്യത്തിന്റെ നിഷ്കളങ്കത മികവാർന്ന ഭാഷയിൽ അവതരിപ്പിക്കുന്ന പാഠഭാഗമാണ് ഋതുയോഗം '

ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ ?തന്നിരിക്കുന്ന 'സൂചനകൾ' പ്രയോജനപ്പെടുത്തി

കുറിപ്പ് തയ്യാറാക്കുക .

**സൂചനകൾ**

- വായ്പൊളിക്കൂ സിംഹക്കുട്ടീ ...നിന്റെ പല്ല് എണ്ണട്ടെ
- എനിക്ക് മയിലിനെ നന്നേ രസിച്ചു
- എന്റെ അച്ഛൻ ദുഷ്ഷന്തനാണ് .താനല്ല
- അമ്മ്വ , വലിയ പേടി തന്നെ ( ചുണ്ട് പിളർത്തി കാണിക്കുന്നു )

**കുറിപ്പ് തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

ഖണ്ഡിക തിരിക്കൽ ആശയങ്ങളുടെ പരസ്പര ബന്ധം ഉചിതമായ ഭാഷ ഉപസംഹാരം

***ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക***

11 . കഥാപാത്ര നിരൂപണം തയ്യാറാക്കുക .

ദുഷ്ഷന്തൻ

സൂചനകൾ

1 . നാടകത്തിലെ സ്ഥാനം

2 . സർവദമനൻ മകനാണോ എന്ന നാടകീയത ദുഷ്ഷന്തനോടൊപ്പം പ്രേക്ഷകനും വളരുന്നു

TVM EDL DIST

3 . 'പരസ്ത്രീ പ്രസംഗം ശരിയല്ല ' എന്ന പ്രസ്താവനയിലൂടെ വ്യക്തമാവുന്ന സ്വഭാവ സവിശേഷത .

4 . രാജധർമ്മത്തെക്കുറിച്ചുള്ള ധാരണ .( ധരണീ ഭരണ ...... ഏക പത്നിയോടെ )

5 . ശകുന്തളയുടെ കാൽക്കൽ വീഴുന്നത്

6 . അഭ്യുദയ കാലങ്ങളിൽ വിനയം പുലർത്തുന്നത് 7 . സ്വാഭിപ്രായം

## അധിക പ്രവർത്തനങ്ങൾ

12 .ഘടകപദങ്ങളാക്കുക

1. മണ്ണയിൽ 2. ജാതിസ്വഭാവം 3. സിംഹക്കുട്ടി

4. പർണശാല 5. ഹവ്യവാഹൻ 6. പൂമേനി

7. കുലവ്രതം 8. ഋതുയോഗം 9. സ്ഥലഭേദം

10. മാതാപിതാക്കൾ

13.. പിരിച്ചെഴുതുക

അഭ്യുദയം വിഷാദം ഇദ്ദു:ഖം

അതങ്ങനെതന്നെ ആരെയാണ്

14. . ചേർത്തെഴുതുക

ഗോത്രം ആദി ഒന്നും അറിയാതെ എനിക്ക് ഇവൻറെ

വചസ്സ് അവ്യക്തമുദ്ധ അക്ഷരം

തള്ളി എന്ന് ഉള്ള ഒരു പരിഭവം ഉൾക്കൊള്ളലാ

TVM EDL DIST